# അഹല്യ



തളർന്ന താമരയിതളുകൾ പോലെ
തകർന്ന സ്വപ്നത്തോടെ
വിടർന്ന നീൾമിഴിയിണകൾക്കുള്ളിൽ
പടർന്ന നിഴലുകളോടെ
ഗൗതമ മുനിയുടെ മുന്നിൽ വാടിയ
കൈതപ്പൂവിതൾ പോലെ
അഹല്യ നിന്നു പിടയും കരളിൽ
പാപച്ചുമടുകളോടെ.

★

സുരലോകത്തിൽ സുന്ദരിമാരുടെ
മടിയിലുറങ്ങിയ ദേവൻ
പൂവൻകോഴി ചമഞ്ഞീയാശ്രമ-
വാടിയിലെങ്ങോ കൂവി.
കുളിർനീരൊഴുകും ഗംഗയിൽ മുങ്ങി-
ക്കുളിച്ചു കയറാനായി
മുനിപോ, യതു കണ്ടപ്പോൾ വന്നു
തനിയേ നീയെൻ ചാരെ.

നിൻ വിരിമാറിലൊതുങ്ങുമ്പോളെൻ
മൻമഥ! നീയും ഞാനും
മായിക വൃന്ദാവന സീമകളിൽ
രാധാമാധവമാടി.

തളർന്നുറങ്ങിടുമെന്നെ, പ്പുൽകി-
ക്കഴിഞ്ഞു നീ പോകുമ്പോൾ
വരുന്നു മുന്നിൽ കുലപതി-
യെല്ലാമറിഞ്ഞു- ഞാൻ വിറയാർന്നു.

മുനികോപത്താൽ വന്നു കിടപ്പൂ
ശിലയായ് ഞാനീക്കാട്ടിൽ.
കണ്ടാലറിയാതെന്നെ മറന്നു
പ്രഭാത സന്ധ്യകൾ പോലും.

പ്രപഞ്ച സത്യാന്വേഷികൾ താപസർ
അലഞ്ഞ താഴ്വരയികൾ

ഒരിറ്റു ദാഹജലത്തിനു വേണ്ടി
ക്കൊതിച്ചതെൻ പിഴയായി.
മുത്തായിന്നും സൂക്ഷിപ്പൂ ഞാൻ
കരളിൻ ചെപ്പിലെ ദുഃഖം.
എവിടെപ്പോയ് നീയെന്നാത്മാവിൽ
തിരികൾ കൊളുത്തിയ ദേവ!

ജ്വലിച്ചു നില്ക്കും ഗൗതമ മുനിയ-
ന്നൊടുവിൽ തന്നു മോക്ഷംഃ
ദശരഥരാജകുമാരൻ രാമൻ
നിനക്കു നൽകും മോക്ഷം.
വിശ്വാമിത്രനുമൊത്തീ വഴിയവ-
നെത്തുമയോദ്ധ്യയിൽ നിന്നും.

യുഗങ്ങളായ് ഞാനീവനഭൂമിയിൽ
ഹൃദയമിടിപ്പുമൊതുക്കി
അകലെത്തെങ്ങോ പതിയും നിൻ പദ-
പതനം കാത്തു കിടക്കേ
കേട്ടു മറന്നൊരു കഥയിന്നോർമ്മയിൽ
നീന്തി വരുന്നു വീണ്ടുംഃ

*മഹർഷി വിശ്വാമിത്രൻ പണ്ടീ*
*വനത്തിൽ വാഴും കാലം*
*ചിലങ്ക കെട്ടിയ മേനക വന്നു*
*തപസ്സിളക്കാനായി.*
*അടഞ്ഞ മിഴികൾ തുറന്നു, താപസ-*
*കരവലയത്തിലൊതുങ്ങി*
*മണ്ണും വിണ്ണും മറന്നു മേനക*
*തളർന്നു മടിയിൽ വീണു.*

*വിയർപ്പു തുള്ളികൾ പൊടിയും നെറ്റിയിൽ*
*അലിഞ്ഞു കുങ്കുമഗോപി.*
*അവളുടെ മാറിൽ തംബുരു മീട്ടി*
*മഹർഷിയിങ്ങനെ പാടിഃ*

*തപസ്സെനിക്കിനി നാളെ, നമ്മൾ*
*പകുത്തെടുക്കുക സ്വർഗ്ഗം.*

ദർഭപ്പുല്ലുകൾ പോലും കത്തി–
ക്കരിഞ്ഞടങ്ങിയ കാലം
നരച്ച മാറിൽ വിരലുകളോടി–
ച്ചൊരു ചെറു പുഞ്ചിരിയോടെ
പറഞ്ഞു മേനകഃ നമ്മുടെ കുഞ്ഞിനു
കനിഞ്ഞനുഗ്രഹമേകൂ.

തീയായ് മാറി കണ്ണുകൾ, മാമുനി
കോപം കൊണ്ടു വിറച്ചു.
പ്രപഞ്ച സാക്ഷാത്ക്കാരം തേടിയ
തപസ്സിളക്കിയ പെണ്ണേ!
കടന്നു പോകൂ, വെണ്ണീറായി
കരിഞ്ഞു വീഴേണ്ടെങ്കിൽ.

ശപിക്കുവാൻ തൻ കൈയുമുയർത്തി
മഹർഷി നില്പതു കാൺകേ
കുരുന്നു കുഞ്ഞിനെ, യത്താഴ്‌വരയിൽ
തനിയേ വിട്ടവൾ പോയി.

ശകുന്തവൃന്ദം തേനും പഴവും
നിനക്കു തന്നു വളർത്തി
കണ്വനു നീ പ്രിയ മാനസപുത്രി
കൺമണിയായി വളർന്നു.

കാനന വള്ളിക്കുടിലിൽ, വല്ക്കല–
മിറുകിയ മാറിൻ ചൂടിൽ
തുളുമ്പുമാ യുവസൗന്ദര്യത്തിൽ
അലിഞ്ഞു പാടീ ദുഷ്യന്തൻഃ
വലിച്ചു ദൂരെയ്‌ക്കെറിയാം ഞാനെൻ
മണിക്കിരീടം പോലും
എനിക്കു വേണ്ടിത്തരുമോ നീയീ
മധുരം മുന്തിരിയധരം?

അവളെപ്പോലും ദുർവാസാവെ–
ന്നൊരു മുനി വന്നു ശപിച്ചു.
ഇവർക്കു ശാപം കളിയാണത്രെ
ജപിച്ചു നൽകും മോക്ഷം.




ശകുന്തള – രവിവർമ്മ ചിത്രം

*പിരിഞ്ഞു പോകാനറിയാതവിടെ*
*നിറഞ്ഞ കണ്ണുകളോടെ*
*തളർന്നു നീ വനജ്യോൽസ്നയെ നോക്കി*
*തിരിഞ്ഞു നിന്നു വീണ്ടും.*

*അരികേ വന്നു ദീർഘാപാംഗൻ*
*ഉൽക്കണ്ഠാകുലനായി*
*എവിടേയ്ക്കാണെന്നറിയാതങ്ങിനെ*
*മുട്ടിയുരുമ്മിക്കൊണ്ടേ.*

*ഓർമ്മകൾ നീറിപ്പടരേ, നിൻ പ്രിയ–*
*തോഴികൾ വിങ്ങിപ്പോകെ*
*കണ്വൻ നൻമകൾ നേർന്നു നിനക്കായ്*
*ഗദ്ഗദ കണ്ഠത്തോടെ.*

*കൊട്ടാരത്തിൻ ഗോപുരവാതിൽ*
*കൊട്ടിയടച്ചതു നേരം*
*കണ്ണീരൊപ്പാൻ, മകളെക്കാണാൻ*
*വന്നതു മേനക മാത്രം.*

ശകുന്തളേ! ഞാനറിയും നിന്നെ
നമുക്കു ദുഃഖം തുല്യം
മഹർഷിമാരുടെ ശാപം മൂലം
നമുക്കു ദുഃഖം സത്യം
ജൻമാന്തര പാപത്താലാണോ
നമുക്കു ദുഃഖം നിത്യം?

ഇവിടെക്കാണും പനിനീരലരുകൾ
വിടർന്നു വാടിപ്പോയി.
മധുരം നുള്ളിത്തന്നൊരു സ്വപ്ന
സ്മരണകൾ മാഞ്ഞേ പോയി.

എങ്കിലുമിന്നും രാജകുമാര!
നിന്നാഗമനം നോക്കി
മനസ്സിനുള്ളിൽ, പൂജാമുറിയിൽ
കൊളുത്തി ഞാനീ ദീപം.

നിൻ പദതാരുകൾ പതിയുമ്പോളീ
തണുത്ത ശിലയിൽ നിന്നും

അഹല്യ വീണ്ടുമുയർത്തെഴുന്നേൽക്കും
പുതിയൊരു ജന്മം നേടും.

കവിളിൽ ശോണിമ കാണും, എൻ കട-
മിഴിയിൽ സ്വപ്നം കാണും.
മുനിയാരൂപം കണ്ടുനുണഞ്ഞൊളി-
കണ്ണുകളോടെ പാടും:
നിനക്കു മംഗളമോതുന്നു ഞാൻ
നമുക്കു വീണ്ടും കാണാം.

കണ്ടിട്ടുണ്ടേ ഞാനീക്കാവി-
പ്പൂതപ്പുകാരെ പ്പണ്ടേ
കേട്ടിട്ടുണ്ടേ പുരികക്കൊടിതൻ
ഞാണൊലി കാട്ടിൽപ്പണ്ടേ.

മനുഷ്യഗന്ധക്കൊതി തീരാതെ
വീശന്ന കണ്ണുകളോടെ
നരച്ച താടി തലോടിക്കൊണ്ടാ
മുനി നിൽക്കുന്നതു കാൺകെ
അറിയാതിങ്ങനെ ഞാൻ ചോദിക്കും:
മകൾക്കു സുഖമാണല്ലോ.

ഇവർക്കു ചൂടും കുളിരും പകരാൻ
എനിക്കു നൽകും ജന്മം
തിരിച്ചെടുക്കു, ശിലയായെൻ സുഖ-
സുഷുപ്തിയിൽ ഞാൻ കഴിയാം. ■

ഈ കവിതയുടെ ഒരു സംക്ഷിപ്ത രൂപത്തിന് കവിസമാജത്തിൻെറ അവാർഡു ലഭിച്ചു. 1995